# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3430 23.06.2014-ൽ മറുപടിയ്ക്ക്

**മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനം ഏകോപിപ്പിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വനപ്രദേശങ്ങളിലും, വനത്തിനോടടുത്ത പ്രദേശങ്ങളിലും മറ്റ് സമീപ പ്രദേശങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത്തരം നിയമ വിരുദ്ധപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ലോഡ്ജുകളിലും മറ്റ് ഹോട്ടലുകളിലും മുറിവാടകയ്ക്ക് നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (ബി) ലോഡ്ജുകളിലും മറ്റ് ഹോട്ടലുകളിലും മുറി വാടകയ്ക്ക് നൽകുന്നതിനായി നിർബന്ധമായും തിരിച്ചറിയൽ രേഖ വാങ്ങി പരിശോധിച്ച് മാത്രമേ മുറി അനുവദിക്കുവാൻ പാടുള്ളൂ എന്നും സന്ദർശകരിൽ അസ്വാഭാവിക പ്രവർത്തനങ്ങളോ, സംശയങ്ങളോ ഉണ്ടെങ്കിൽ ഉടൻ തന്നെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനം ഏകോപിപ്പിക്കാൻ പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) 01.11.2013-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2998/2013/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സായുധസേനാ വിഭാഗത്തിലെ മൂന്ന് കമ്പനി സേനയെ ഉൾപ്പെടുത്തിക്കൊണ്ട് വടക്കൻ ജില്ലകളിലെ ആന്റി നക്സൽ ഓപ്പറേഷനുകൾക്കായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ